**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4287** **18-07-2022 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മിനി സിവിൽ സ്റ്റേഷനിലെ വൈദ്യുതീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ നിലമ്പൂർ മിനി സിവിൽ സ്റ്റേഷന്റെ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | നിലമ്പൂർ മിനി സിവിൽ സ്റ്റേഷന്റെ വൈദ്യുതീകരണ പ്രവൃത്തിയുടെ ഭരണാനുമതി 3.12.2021-ൽ നൽകിയതും അതിൻ പ്രകാരം 3,83,718 രൂപ (മൂന്നു ലക്ഷത്തി എൺപത്തി മൂവായിരത്തി എഴുന്നൂറ്റി പതിനെട്ട്) 10.06.2022-ൽ നിലമ്പൂർ തഹസിൽദാർ, ഇലക്ട്രിക്കൽ സെക്ഷൻ, നിലമ്പൂരിൽ അടച്ചിട്ടുള്ളതുമാണ്. പ്രവൃത്തിയ്ക്കുള്ള സാങ്കേതികാനുമതി 18.06.2022-നു നൽകിയിട്ടുണ്ട്. 22.06.2022-നു ദർഘാസ് ക്ഷണിക്കുകയും അതിൻ പ്രകാരം 04.07.2022-നു വർക്ക് ഓർഡർ നൽകി എഗ്രിമെൻറ് വച്ചിട്ടുള്ളതുമാണ് . |
| (ബി) | പൊതുമരാമത്ത് കെട്ടിട വിഭാഗം കെ.എസ്.ഇ.ബിയിൽ അടക്കേണ്ട തുക അടച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; എന്തെല്ലാം പ്രവൃത്തികളാണ് മിനി സിവിൽ സ്റ്റേഷനിൽ കെ.എസ്.ഇ.ബി. നിർവ്വഹിക്കാനുള്ളതെന്ന് അറിയിക്കാമോ; | (ബി) | വൈദ്യുതീകരണത്തിനാവശ്യമായ തുക നിലമ്പൂർ തഹസിൽദാർ ആണ് അടച്ചിട്ടുള്ളത്. 2 പോൾ (DP) നിർമ്മിച്ച് 4 പോസ്റ്റും സ്ഥാപിച്ച് 75 മീറ്റർ എച്ച്.ടി എബിസി വലിച്ച് പ്രവൃത്തി പൂർത്തീകരിക്കുവാനുണ്ട്. നിലവിൽ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തിയ്ക്ക് 04.07.2022-നു വർക്ക് ഓർഡർ നൽകി എഗ്രിമെൻറ് വച്ചിട്ടുള്ളതാണ്. എഗ്രിമെൻറ് തീയതി മുതൽ 92 ദിവസത്തിനകം പ്രവൃത്തി പൂർത്തീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (സി) | മേൽ പ്രവൃത്തി എന്നത്തേക്ക് ടെണ്ടർ ചെയ്യാനാകുമെന്നും പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിച്ച് കൈമാറാനാകുമെന്നും അറിയിക്കാമോ? | (സി) | വൈദ്യുതീകരണത്തിനാവശ്യമായ തുക നിലമ്പൂർ തഹസിൽദാർ ആണ് അടച്ചിട്ടുള്ളത്. 2 പോൾ (DP) നിർമ്മിച്ച് 4 പോസ്റ്റും സ്ഥാപിച്ച് 75 മീറ്റർ എച്ച്.ടി എബിസി വലിച്ച് പ്രവൃത്തി പൂർത്തീകരിക്കുവാനുണ്ട്. നിലവിൽ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തിയ്ക്ക് 04.07.2022-നു വർക്ക് ഓർഡർ നൽകി എഗ്രിമെൻറ് വച്ചിട്ടുള്ളതാണ്. എഗ്രിമെൻറ് തീയതി മുതൽ 92 ദിവസത്തിനകം പ്രവൃത്തി പൂർത്തീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ